**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മൂർക്കനാട് ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-3- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

ജി.ഒ (ആർ.ടി) നം.1412/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/05/2013

---

പരാമർശം:- 1) മൂർക്കനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/10/2012-ലെ എ 1/560/12 നമ്പർ കത്ത്.

2) 15/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 23195/പി.റ്റി3/2012 നമ്പർ കത്ത്.

# ഉത്തരവ്

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം, സർക്കാർ മാർഗ്ഗ നിർദ്ദേശം മറികടന്ന് തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും1,29,332/- രൂപ ചെലവഴിച്ചത് ഓഡിറ്റ് നിരാകരിക്കുകയും സർക്കാർ സാധൂകരണം ലഭ്യമാക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തിലെ പ്രോജക്ട് നമ്പർ 89/08 പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും തെരുവുവിളക്ക് റിപ്പയർ പ്രവൃത്തിയ്ക്ക് 1,29,332/-രൂപ ചെലവഴിച്ചത് ക്രമവിരുദ്ധമാണെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിൻമേൽ, തെരുവുവിളക്കുകളുടെ പരിപാലനം പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതും അംഗീകാരം നേടിയ പ്രോജക്ട് എന്ന നിലയിൽ നിർവ്വഹണം നടത്തിയതാണെന്നും മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ച ടി തുകയ്ക്ക് സാധൂകരണം നൽകണമെന്ന 07/06/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ I (1)-ാം നമ്പർ തീരുമാനം പരാമർശം ഒന്ന്

പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരമുള്ള ചെലവ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായിട്ടുള്ളതാണെന്നും പ്രസ്തുത ചെലവുകൾക്ക് സാധൂകരണം നേടണമെന്ന് ഓഡിറ്റ് റിപ്പോർട്ടിന്റെ പുനരഭിപ്രായക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷ പരിഗണിച്ച് സാധൂകരണം നൽകാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3-ൽ തടസ്സപ്പെടുത്തിയ 1,29,332/-രൂപ (ഒരു ലക്ഷത്തി, ഇരുപത്തിയൊമ്പതിനായിരത്തി, മുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, മൂർക്കനാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ